"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീമതി. ഷീന വർഗീസ്-ന് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2148/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-
1. സ.ഉ (പി )112/2017/ധന തീയതി 24/08/2017.
2. ശ്രീമതി.ഷീന വർഗീസ്,സീനിയർ എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച 28/12/2023-ലെ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/04/2025 -ലെ LSGD/PD/3015/2025-DEB4 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീമതി. ഷീന വർഗീസിന്, 26/10/2024-ന് ഓഫീസിലേക്ക് യാത്ര ചെയ്യവെ, ടിയാൾ ഓടിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ട് പരിക്കേൽക്കുകയുണ്ടായി. ഇതിനെ തുടർന്ന് വിശ്രമം ആവശ്യമാണെന്നുള്ള ഡോക്ടറുടെ നിർദ്ദേശാനുസരണം 26/10/2024 മുതൽ 05/01/2025 വരെ ടിയാൾ ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീമതി. ഷീന വർഗീസ് 26/10/2024-ന് ഓഫീസിലേക്ക് യാത്ര ചെയ്യവെ ടിയാൾ ഓടിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ട് പരിക്കേറ്റതിനെ തുടർന്ന് വിശ്രമം ആവശ്യമാണെന്നുള്ള ഡോക്ടറുടെ നിർദ്ദേശാനുസരണം 26/10/2024 മുതൽ 05/01/2025 വരെ ജോലിയ്ക്ക് ഹാജരാകാതിരുന്ന 26.10.2024 മുതൽ 05.01.2025 വരെയുള്ള 72 ദിവസങ്ങൾ, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായും കെ.എസ്.ആർ പ്രകാരമുള്ള മെഡിയ്ക്കൽ സർട്ടിഫിയ്ക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിയ്ക്കറ്റ് എന്നിവ ടിയാൾ ഹാജരാക്കുന്നതിന് വിധേയമായും കെ.എസ്. ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1) ശ്രീമതി.ഷീന വർഗീസ്,സീനിയർ എക്സ്റ്റൻഷൻ ഓഫീസർ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം. ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3) സെക്രട്ടറി, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) ധനകാര്യവകുപ്പ് (അ.ഔ.നമ്പർ e- 3209778/DEV-1/140/2025/FIN dated 26.08.2025)
6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Dipukumar S L
Date: 30-08-2025 14:33:14

സെക്ഷൻ ഓഫീസർ